**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3151** **01-03-2023 - ൽ മറുപടിയ്ക്ക്**

**പാലങ്ങളും റോഡുകളും പൊതുകെട്ടിടങ്ങളും തെരുവുകളും രൂപകൽപ്പന ചെയ്യുന്നതിനായുള്ള രൂപകൽപ്പന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതടക്കം പശ്ചാത്തല വികസന മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന തരത്തിൽ പാലങ്ങളും റോഡുകളും പൊതുകെട്ടിടങ്ങളും തെരുവുകളും രൂപകൽപ്പന ചെയ്യുന്നതിനായി രൂപകൽപ്പന നയം രൂപീകരിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുസമൂഹം ദൈനംദിനമെന്നോണം ഇടപെടേണ്ടി വരുന്ന പൊതു ഇടങ്ങൾ, പബ്ലിക് പാർക്കുകൾ, വഴികൾ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ, അനുബന്ധ സൗകര്യങ്ങൾ, പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, പൊതു കെട്ടിടങ്ങൾ എന്നിവയുടെ രൂപകൽപനകൾ കാലാനുസൃതമായും സൗന്ദര്യാത്മകമായും നിർവ്വഹിക്കുവാനും അതനുസരിച്ച് നിർമ്മിച്ച് പരിപാലനം ചെയ്യുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് നിർദ്ദിഷ്ട രൂപകല്പന നയത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ പ്രകൃതിയെ അവലംബിച്ചു കൊണ്ടുള്ളതും സുസ്ഥിര വികസന നയത്തിലൂന്നിയുള്ളതുമായ നിർദ്ദേശങ്ങൾ ഈ നയത്തിലുണ്ടാകും |
| (ബി) | ഇത്തരമൊരു നയം രൂപീകരിക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതു നിർമ്മാണ മേഖലയിൽ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ സംബന്ധിച്ച് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പൊതു നിർമ്മാണങ്ങളുടെ പരിധിയിൽ വരുന്ന പൊതു കെട്ടിടങ്ങളും അവയുടെ പരിസരവും, നിരത്തുകൾ, പാർക്കുകൾ, പൊതു ഇടങ്ങൾ, പാലങ്ങൾ, വിനോദ സഞ്ചാര ഇടങ്ങൾ എന്നിവയുടെ രൂപകല്പനകളും അവയുടെ നിർവ്വഹണവും മറ്റുമാണ് ഈ നയത്തിന്റെ പരിധിയിൽ വരുന്നത്. നിലവിലുള്ള നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി സൗന്ദര്യാത്മകതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പൊതു നിർമ്മാണങ്ങൾ പരമാവധി ഉപയോഗക്ഷമമായും പരിസ്ഥിതി സൗഹൃദമായും കാലാവസ്ഥക്കിണങ്ങുന്ന അനുയോജ്യമായ നിർമ്മാണ സങ്കേതങ്ങൾ ഉപയോഗിച്ചും നിർമ്മിതികൾ രൂപകല്പന ചെയ്യുവാനും നിർവ്വഹിക്കുവാനും ഈ നയം കൊണ്ട് ലക്ഷ്യമിടുന്നു. നിർമ്മിതികൾക്ക് പ്രത്യേക ഡിസൈൻ കൊണ്ടുവരുന്നതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യം കൂടി ലഭ്യമാകും. ഭിന്നശേഷി, വയോജന |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്ക് സൗകര്യപ്രദമാകുന്ന തരത്തിലാണ് നിർമ്മാണം ലക്ഷ്യമിടുക.<br><br>ടൂറിസം മേഖലയ്ക്ക് കൂടി ഇത് വലിയ തരത്തിൽ ഗുണകരമാകും. |

സെക്ഷൻ ഓഫീസർ